08/06/2020

17.3.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.173(2)/2018/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.562/എസ്.ഐ.സി-ജി 6/18

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ.ജെ.തോമസ്
കൊളാറയിൽ
തലയോലപ്പറമ്പ് പി.ഒ
കോട്ടയം-686 605** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ബ്രാഞ്ച് മാനേജർ
കെ.എസ്.എഫ്.ഇ ലിമിറ്റഡ്
കോട്ടയം**

2. **അപ്പീൽ അധികാരി ആന്റ്
മാനേജിംഗ് ഡയറക്ടർ
ഭദ്രത, കെ.എസ്.എഫ്.ഇ
തൃശൂർ – 680 020**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.07.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.08.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.09.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 20.10.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.01.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.01.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.02.2018, |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09.03.2018,14.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തകരമായ മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 31.07.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ചിട്ടി 4/08 ചിറ്റാൾ നമ്പർ 16 എന്നാണ് കുറി കിട്ടിയതെന്നും ഇനം 2 ൽ ചിട്ടി 4/08 ചിറ്റാൾ നമ്പർ 16 ന്റെ കുറി കിട്ടിയ തുക എന്നാണ് ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ടത് എന്നും, എത്ര ശത മാനം പലിശയ്ക്കെന്നും, എത്ര നാളെത്തയ്ക്കെന്നും, തുടങ്ങി 12 ഇനങ്ങളിലുള്ള വിവര ങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 22.08.2017 ൽ നൽകിയ മറുപടി തൃപ്തികര മല്ലെന്നു കാണിച്ച് ഹർജിക്കാരൻ 15.09.2017 ൽ അപ്പീൽ അപേക്ഷ നൽകുകയും, 20.10.2017 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു.

4. 14.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയിൽ 12 ചോദ്യങ്ങൾക്കും 22.08.2017 ന് നൽകിയിട്ടുണ്ടെന്നും, അനുബന്ധമായി കെ.എസ്.എഫ്.ഇ കാലാകാലങ്ങ ളിൽ ഇറക്കിയിട്ടുള്ള പലിശ സംബന്ധമായ സർക്കുലറുകളുടെ കോപ്പിയും അപേക്ഷകന് നൽകിയിട്ടുണ്ടെന്നും, 6,7,12 എന്നീ ചോദ്യങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ അപ്പീൽ നൽകുകയും 20.10.2017 ന് നൽകിയ മറുപടിയിൽ 6,7 ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമാണെന്ന് അപ്പീലധികാരി അറിയിച്ചിട്ടുണ്ടെന്നും 12 നമ്പർ ചോദ്യത്തിന് ഒന്നാം അപ്പീൽ അധികാരി വീണ്ടും രേഖ കൾ പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കാനായി കെ.എസ്.എഫ്.ഇ കടുത്തുരുത്തി ബ്രാഞ്ചിന് നിർദ്ദേശം നൽകുകയും, അപ്രകാരം പുനപരിശോധന നടത്തിയതിലും ഹർജിക്കാരന്റേത് ഒഴികെ മറ്റു പരാതികൾ ഒന്നും തന്നെ കണ്ടെത്താനായിട്ടില്ലെന്ന വിവ രവും അറിയിക്കുന്നുവെന്നും, കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ട് ഹർജിക്കാരന് നൽകി യെന്നുമാണ് ബോധിപ്പിച്ചത്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവ ശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

res